# അൽ അർയാനെതിരെ അമേരിക്ക

ഒരു വശത്ത് അമേരിക്കൻ ഭരണകൂടമെന്ന അതിശക്തമായ അധികാരകേന്ദ്രം. മറുവശത്ത് സാമി അൽ അർയാൻ എന്ന ഒരു പാവം യൂനിവേഴ്സിറ്റി പ്രഫസർ. ന്യൂയോർക്കിലെ ഇരട്ട ടവർ ആക്രമണത്തിന്




ശേഷം അമേരിക്കയിൽ ഇസ്‌ലാം-മുസ്‌ലിം വിരുദ്ധ വികാരം കത്തിനിൽക്കുന്ന സമയം. 2003 ഫെബ്രുവരിയിൽ ഫ്ളോറിഡയിലെ താമ്പയിൽ വെച്ച് സാമി അൽ അർയാൻ അറസ്റ്റ് ചെയ്യപ്പെടുന്നു. ചാർത്താവുന്ന ഒരുവിധം ഭീകരകുറ്റങ്ങളൊക്കെ ഇയാളുടെ പേരിൽ ചാർത്തി. ഭീകരതാ വിരുദ്ധ യുദ്ധത്തിൽ ഈ അറസ്റ്റ് ഒരു നാഴികക്കല്ലാണെന്ന് ബുഷ് ഭരണകൂടം പത്രസമ്മേളനം വിളിച്ച് ആഘോഷിച്ചു.

രണ്ടര വർഷം സാമി അൽഅർയാൻ ഏകാന്ത തടവിൽ കഴിഞ്ഞു. നിയമസഹായം ലഭിക്കാനുള്ള വഴികൾ കഴിയാവുന്നേടത്തോളം അധികാരികൾ അടച്ചെങ്കിലും, മനുഷ്യാവകാശ പ്രവർത്തകരുടെ ഇടപെടലിലൂടെ കേസ് വിചാരണക്കെടുക്കേണ്ടിവന്നു. ആറു മാസത്തെ വിചാരണക്ക് ശേഷവും അൽ അർയാന്റെ മേൽ ചാർത്തപ്പെട്ട കുറ്റങ്ങളിൽ ഒന്നുപോലും തെളിയിക്കാനായില്ല. കുറ്റവിമുക്തനാക്കപ്പെട്ടെങ്കിലും മീഡിയയും രഹസ്യപ്പോലീസും അൽഅർയാൻ കുടുംബത്തെ നിരന്തരം വേട്ടയാടി. ഈ കഥ പൊലിപ്പും തൊങ്ങലുമില്ലാതെ ചിത്രീകരിക്കുന്ന ഡോക്യുമെന്ററിയാണ് USA vs Al-Arian.

സാമിയുടെ ഭാര്യ നഹ്‌ലയും അവരുടെ അഞ്ചു മക്കളും ഡോക്യുമെന്ററിയിൽ ആദ്യാവസാനം വരെ ഉണ്ട്. തങ്ങൾക്ക് നേരിടേണ്ടിവന്ന മാനസിക പീഡനങ്ങൾ അവർ വിവരിക്കുന്നു. ഭർത്താവ് കുറ്റവിമുക്തനാക്കപ്പെട്ട ശേഷവും 'നിങ്ങളുടെ ഭർത്താവ് ഒരു ഭീകരന്റെ ഇരട്ട ജീവിതം നയിക്കുന്നത് നിങ്ങൾക്ക് അറിയില്ലായിരുന്നു, അല്ലേ?' എന്നാണ് ഒരു ചാനൽ അവതാരക നഹ്‌ലയോട് ചോദിക്കുന്നത്. മനുഷ്യാവകാശ പോരാട്ടങ്ങളിൽ പങ്കാളിയായതും ഫലസ്ത്വീനികൾക്ക് വേണ്ടി ശബ്ദിച്ചതുമാണ് സാമി അൽ അർയാനെ ഭീകരത ആരോപിച്ച് പിടികൂടാനുണ്ടായ കാരണമെന്ന് ഡോക്യുമെന്ററി സമർഥിക്കുന്നു.

ഇപ്പോൾ അധിനിവിഷ്ട പടിഞ്ഞാറെ കരയിൽ താമസിക്കുന്ന ലിനെ ഹാൽവോർസൻ എന്ന സംവിധായകയാണ് ഡോക്യുമെന്ററിയുടെ ശിൽപി. അവർ നേരത്തേ ഇരുപതിലധികം ഡോക്യുമെന്ററികൾ ചെയ്തിട്ടുണ്ട്. ഫലസ്ത്വീനീ കുട്ടികളുടെ യാതനകൾ ചിത്രീകരിക്കുന്ന ലിനെയുടെ A Stone's Throw Away എന്ന ഡോക്യുമെന്ററി നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ■

# 'അവർ ലീവെടുത്ത് ഖുർആനും ഹദീസും പഠിക്കട്ടെ'

**ഇസ്രയേലിലെ** ഏറ്റവും പ്രശസ്തനും വിവാദപുരുഷനുമായ ഓർത്തഡോക്സ് പുരോഹിതൻ (റബ്ബി) മെനാഹം ഫ്രോമന്റേതാണ് ഈ ഉപദേശം. ഉപദേശിക്കുന്നത് അമേരിക്കൻ വിദേശകാര്യ വകുപ്പിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും. ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളെക്കുറിച്ച് വിവരമില്ലാത്തതുകൊണ്ടാണ് ആ വകുപ്പ് അബദ്ധങ്ങൾ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നാണ് ഫ്രോമന്റെ അഭിപ്രായം. ഇതിനൊരു പരിഹാരമേയുള്ളു: 'ആ ഉദ്യോഗസ്ഥർ ചുരുങ്ങിയത് ഒരു വർഷമെങ്കിലും ലീവെടുത്ത് ഖുർആനും ഹദീസും പഠിക്കട്ടെ. ഇസ്‌ലാം ആത്മീയതയുടെ ഒരു മഹാസാഗരമാണെന്നും അതിൽനിന്ന് പലതും പഠിക്കാനുണ്ടെന്നും അപ്പോഴവർക്ക് മനസ്സിലാവും'.


മെനാഹം ഫ്രോമൻ

പാശ്ചാത്യരും ജൂതന്മാരും മുസ്‌ലിംലോകത്തോട് അപമര്യാദയായി പെരുമാറുന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് ഫ്രോമൻ കരുതുന്നു. ധിക്കാരത്തിന്റെയും പാരുഷ്യത്തിന്റെയും ഭാഷയിലാണ് അവർ സംസാരിക്കുന്നത്. 'സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ മുസ്‌ലിംകളെ അടുത്തറിഞ്ഞേ പറ്റൂ'.

റഷ്യൻ വാരികയായ *എക്സ്പേർട്ടു*മായി നടത്തിയ അഭിമുഖത്തിലാണ് 63 കാരനായ ഫ്രോമൻ തന്റെ അഭിപ്രായങ്ങൾ വെട്ടിത്തുറന്ന് പറഞ്ഞത്. ഇദ്ദേഹം പലതവണ യാസിർ അറഫാത്തുമായി സന്ധിക്കുകയും സമാധാന ഫോർമുലക്ക് വേണ്ടി ശ്രമിക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയ പരിഹാരത്തേക്കാൾ ഉപരി, ആത്മീയ പരിഹാരത്തിലാണ് അദ്ദേഹത്തിന്റെ ഊന്നൽ. സംഘർഷത്തിന്റെ മുഖ്യ കാരണം ജറൂസലമിന്റെ അവകാശത്തർക്കമായതിനാൽ ആ വിശുദ്ധ നഗരത്തെ ലോകത്തിന്റെ തന്നെ തലസ്ഥാനമായി പ്രഖ്യാപിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദേശം. ■